(സി) വിവിധവകുപ്പുകളിലെ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന മിക്കവാറും എല്ലാ വിഭാഗം ജീവനക്കാരെയും സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഉയർന്ന സ്കെയിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ട്രേസർ മുതലായ തസ്തികകൾക്ക് ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്.

പെൻഷൻതുകയും ഗ്രാറ്റുവിറ്റി തുകയും ഒറ്റഗഡുവായി നൽകുവാൻ നടപടി

6 (3538) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-1997 നും 25-11-1998 നും ഇടയ്ക്ക് സർവ്വീസിൽനിന്ന് വിരമിച്ച വരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന രീതി എന്തെന്ന് വിശദീകരിക്കാമോ ;

(ബി) ഈ കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിയും ഗഡുക്കളായി നൽകിയാൽ മതിയെന്നു തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) 25-11-1998 നുശേഷം സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ഗഡുക്കളായാണോ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത് ;

(ഡി) അല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഈ കാലയളവിൽ പെൻഷനായവർക്ക് ഇതുവരെ പെൻഷൻ ആനുകൂല്യങ്ങളുടെ എത്ര ഗഡുക്കൾ കൊടുത്തിട്ടുണ്ട് ;

(എഫ്) ബാക്കിയുള്ള തുക ഒന്നിച്ചു നൽകണമെന്ന് പെൻഷൻകാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത കാലയളവിൽ റിട്ടയർ ചെയ്തവരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ ബാക്കിതുക ഒന്നിച്ചു നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോ അഭിപ്രായമോ ആവശ്യമുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിൽ എന്ന് വിശദീകരിക്കാമോ ;

(ഐ) 25-11-1998 നുശേഷം റിട്ടയർചെയ്തവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിതുകയും ഒന്നിച്ചുകൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ 1-3-1997 നും 25-11-1998 നും ഇടയ്ക്ക് റിട്ടയർ ചെയ്തവർക്ക് കൊടുക്കുവാനുള്ള പെൻഷൻ കമ്മ്യൂട്ടേഷന്റെയും ഗ്രാറ്റുവിറ്റിയുടെയും ബാക്കിതുക ഒന്നിച്ചു നൽകുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ശമ്പളപരിഷ്ക്കരണത്തെത്തുടർന്ന് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയുടെയും പെൻഷൻ കമ്മ്യൂട്ടേഷന്റെയും കുടിശ്ശിക 8 ഗഡുക്കളായി 6 വർഷംകൊണ്ട് നൽകാനാണ് ഉത്തരവായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക മാത്രമേ ഗഡുക്കളായി കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളു.

(സി&ഡി) 25-11-1998-നു ശേഷം വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുക്കാനില്ല. അതിനാൽ ആനുകൂല്യങ്ങൾ ഗഡുക്കളായി നൽകേണ്ടതില്ല.

(ഇ) ഗഡുക്കൾ കൊടുത്തിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഇല്ല.

(എച്ച്&ഐ) സാമ്പത്തികസ്ഥിതി പരിഗണിച്ച് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുടെയെല്ലാം പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഒറ്റഗഡുവായി നൽകാൻ നിർവാഹമില്ല. എന്നാൽ 8-3-2000-ലെ ജി.ഒ(പി)565/ധന/2000 ഉത്തരവുപ്രകാരം പെൻഷൻകാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പെൻഷനറുടെ സാരമായ രോഗചികിത്സയ്ക്കും ടി കുടിശ്ശിക ചില നിബന്ധനകൾക്കു വിധേയമായി ഒരുക്കമായി നൽകാൻ ഉത്തരവായിട്ടുണ്ട്.

പെൻഷൻകാരുടെ ഡി. എ. കുടിശ്ശിക

7 (3539) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് പെൻഷൻകാർക്ക് എത്രശതമാനം ഡി. എ. കുടിശ്ശിക നൽകുവാനുണ്ട് ;

(ബി) ഇത് എന്നുമുതൽ നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) കുടിശ്ശിക ഏതുവിധത്തിൽ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വീസ് പെൻഷൻകാർക്ക് 1-1-1999 മുതലുള്ള 10%, 1-7-1999 മുതലുള്ള 5% എന്നിങ്ങനെ രണ്ടു ഗഡു ഡി. എ. കുടിശ്ശിക നൽകുവാനുണ്ട്.

(ബി) സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്നതോടൊപ്പംതന്നെ, സർവ്വീസ് പെൻഷൻകാർക്കും ഡി. എ. നൽകുന്നതാണ് പതിവ്. ആയതിനാൽ 7/2000 മുതൽ സർവ്വീസ് പെൻഷൻകാർക്ക് 10% ഡി. എ. നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉത്തരവിറക്കുമ്പോൾ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പെൻഷൻ നിർണ്ണയത്തിലെ അപാകത

8 (3540) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly